

# *യാക്കോബായ സുറിയാനി സഭ*

# വലിയ നോമ്പിൻ നമസ്കാര ക്രമം

***(പരിശുദ്ധ സഭയുടെ ആണ്ടുതക്സയിൽ നിന്നു പകർത്തിയത്)***

*ആരാധാനക്രമങ്ങൾ സുലഭമല്ലാത്ത മിദ്യാൻ ദേശത്ത് താമസിക്കുന്നവർക്കായി തയ്യാറാക്കിയത്. ഇത് പൂർണ്ണമായും ടൈപ്പ്ചെയ്ത് ക്രമീകരിച്ചതാകയാലും മറ്റൊരാൾ പകർപ്പ് പരിശോധന നിർവ്വഹിച്ചി ട്ടില്ലാത്തതിനാലും തെറ്റുകൾക്ക് ഉത്തരവാദി ഞാൻ മാത്രമായിരിക്കും.*

SAMAJAM

Land of Midian, Since 2002 June 29th

PIECE OF WOOD IN MARAH

SAINT MARY'S JACOBITE MOVEMENT

*Type set by:* *Daniel B Daniel (Chev),*
*Initiator and founder of SAMAJAM,*
*Kadeesa Church, Paitel, Kayamkulam*
*appa_3d@yahoo.co.uk, whatsapp-966 532190078*

*21 March 2017*

# മലങ്കര യാക്കോബായ സുറിയാനി സഭ
# വലിയനോമ്പിലെ 25-ാം ദിനം

പാതി നോമ്പ് ദിനത്തിൽ മ്നൊർത്തോയിന്മേൽ കുരിശ് ഉയർത്തുന്ന ശുശ്രൂഷ

**പ്രദിക്ഷണ സമയത്ത് ചൊല്ലുവാനുള്ള ഗീതം**

*(പ്രദിക്ഷണം പള്ളിയുടെ വടക്കേ വാതിലിൽ വഴി പുറപ്പെട്ട് പള്ളിക്കു ചുറ്റും പ്രദിക്ഷണം നടത്തി വടക്കേ വാതിൽ വഴി അകത്തു പ്രവേശിക്കുന്നു)*

(കൂക്കോയോ)

സ്ലീബായേ വന്ദിപ്പാനായി ഹേലേനീ രാജ്ഞി
നൃപപട്ടണമാം റോമയിൽ നിന്നേറുശലേമാർന്നു
   യൂദന്മാരെ-ക്കൂട്ടിചൊന്നേവം
   കാണിച്ചിടുവിൻ-സ്ലീബാവച്ചോരിടം
ഞങ്ങൾക്കുണ്ടൊരു പ്രമുഖൻ നീയവനോടാരാഞ്ഞാൽ
മ്ശിഹാ തൻ സ്ലീബായമരും സ്ഥാനം കാണിക്കും
   ഹാലേലുയ്യാ എന്നവരുരചെയ്തു
അമ്മാനുയേൽ ദേവേശൻ തരുവിൽ തൂങ്ങി
ഇൽശാദായ് തനയൻ വീരൻ തലതാഴ്ത്തിമരിച്ചു
   ആത്മംമാത്രം-തരുവിൽ കൈവിട്ടു
   നിജസാരാംശം-മേനിയിൽ നിവസിച്ചു.
വേർപെട്ടാൻ നിസ്സാരമതാം മാനുഷമാം ജീവൻ
വിലപിചച്ചീടട്ടുന്നതനെ ക്രൂശിച്ചോർ യൂദർ
   ഹാലേലുയ്യാ-കഷ്ടമവർക്കെന്നും.

സ്ലീബാ ആഘോഷം

പട്ടക്കാരൻ കിഴക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട്

പ്രാർത്ഥന

ഞങ്ങളുടെ ദൈവമായ മ്ശിഹാ! ദീർഘദർശിമാരുടെ തലവനായ മോശയുടെ വടിയുടെ രഹസ്യം നിന്നെ സൂചിപ്പിച്ചു; ഇസ്രായേല്യരുടെ പാളയത്തിന്റെ നടുവിൽ അതു നാട്ടപ്പെട്ടപ്പോൾ രക്ഷാകരമായ നിന്റെ സ്ലീബായേയും അതു സൂചിപ്പിച്ചു. ഇപ്പോൾ വിശുദ്ധ സഭ ഇതാ വിശുദ്ധനോമ്പിന്റെ മദ്ധ്യത്തിൽ അതിന്റെ പ്രജകളുടെ സംരക്ഷണത്തിനും സംവത്സരത്തിന്റെ അനുഗ്രഹത്തിനും ഫലങ്ങൾ അനുഗ്രഹിക്കപ്പെട്ട് എല്ലാ ഉപദ്രവങ്ങളിൽ നിന്നും ആപത്തുകളിൽ നിന്നും സംരക്ഷിക്കപ്പെടുന്നതിനും ശിക്ഷകളിൽ നിന്നും കോപത്തിന്റെ വടികളിൽ നിന്നുമുള്ള സംരക്ഷയ്ക്കും വേണ്ടി ജീവദായകമായ നിന്റെ സ്ലീബായെ ആഘോഷിക്കുന്നു. ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിന്നേയും നിന്റെ പിതാവിനേയും വിശുദ്ധ റൂഹായേയും സ്തോത്രം ചെയ്ത് മഹത്വപ്പെടുത്തുമാറാകണമെ. ഹോശോ .....

(പെത്ഗോമൊ)

ഞങ്ങളുടെ ശത്രുക്കളെ നിന്നാൽ ഞങ്ങൾ
കുത്തിമുറക്കയും ഞങ്ങളുടെ എതിരാളികളെ നിന്റെ നാമംമൂലം ഞങ്ങൾ ചവിട്ടുകയും ചെയ്യും

സൗഖ്യം പിത്തളസർപ്പത്തെ-വീക്ഷിച്ചോർക്കുളവായതു പോൽ

സ്ലീബായേ നതി ചെയ്യുന്നോർ-രോഗോപശമം നേടുന്നു
കരുണാസാഗരമാം നാഥാ!-പ്രാർത്ഥിച്ചടിയാരോതുന്നു
കുറിയേലായിസോൻ .. കുറിയേലായിസോൻ .. കുറിയേലായിസോൻ ..

**(പടിഞ്ഞാറോട്ടു തിരിഞ്ഞുനിന്നു കൊണ്ട് പ്രാർത്ഥന)**

ഞങ്ങളുടെ ദൈവമായ മ്ശിഹാ! ഞങ്ങൾ നിഗളത്തിൽ നിന്നും പ്രശംസയിൽ നിന്നും വെടിപ്പാക്കപ്പെട്ട് നിന്റെ വിശുദ്ധരായ ദീർഘദർശിമാർ മുഖാന്തിരം സൂചിപ്പിക്കപ്പെട്ടിട്ടുള്ള നിന്റെ വിശുദ്ധ രഹസ്യങ്ങളുടെ സ്മരണയെ അനുഷ്ഠിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. ജീവദായകമായ നിന്റെ സ്ലീബായുടെ രക്ഷാകരമായ അടയാളം ഞങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കേണമെ. അതിനെ ദർശിക്കുന്നതിനാൽ ഞങ്ങളുടെ മനസ്സ് വെടിപ്പാക്കപ്പെടുകയും അതിനെ വന്ദിക്കുന്നതിനാൽ ഞങ്ങളുടെ വിചാരങ്ങൾ വിശുദ്ധമാക്കപ്പെടുകയും ചെയ്യുമാറാകണമെ. സർവ്വ ദുഷ്ടഗണങ്ങളും ഞങ്ങളിൽ നിന്ന് ഓടിപ്പോകുമാറാകണമെ. നിന്റെ സ്ലീബായുടെ അടയാളത്താൽ വഞ്ചനയുടെ ആത്മാക്കൾക്കെതിരായി ഞങ്ങളെ ഭീകരന്മാരാക്കിത്തീർക്കണമെ. കർത്താവേ! ഞങ്ങൾ നിന്നേയും നിന്റെ പിതാവിനേയും വിശുദ്ധ റൂഹായേയും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും വന്ദിച്ച് പുകഴ്ത്തുമാറാകണമെ.
ഹോശോ....

(പെത്ഗോമോ)

അവനിൽ സൂക്ഷിച്ച് അവനിൽ ശരണപ്പെടുവിൻ;
നിങ്ങൾ ലജ്ജിക്കേണ്ടി വരികയില്ല.

(മസ്അക്കോനൂസൊ)

നോമ്പിൻമദ്ധ്യേ ജീവദമാം-സ്ലീബായിൻ വിജയപതാക
നൽകിയ രക്ഷകരനേ! നി-ന്നവതാരം വിസ്മയനീയം
കരുണാസാഗരമാം നാഥാ! പ്രാർത്ഥിച്ചടിയാരോതുന്നു
കുറിയേലായിസോൻ.. കുറിയേലായിസോൻ.. കുറിയേലായിസോൻ..

**(വടക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട് പ്രാർത്ഥന)**

പൂർവ്വിക ദീർഘദർശിമാരാൽ സൂചിപ്പിക്കപ്പെട്ടവനും പാളയമദ്ധ്യത്തിൽ നാട്ടിയ പിത്തളസർപ്പം മൂലം മോശ ദൃഷ്ടാന്തപ്പെടുത്തിയവനുമായ ദൈവമേ! നീ സ്ലീബാമേൽ ഉയർത്തപ്പെട്ടപ്പോൾ നിന്നെ ആരാധിക്കുവാനായി സൃഷ്ടികളെ നീ ആകർഷിച്ചു. ഫെറഓനേയും ആമോലീക്കിനേയും നീ നശിപ്പിച്ചു. കർത്താവേ! നിന്റെ സ്ലീബയുടെ പാർശ്വങ്ങളിൽ ഞങ്ങളെ മറച്ചു കൊള്ളണമെ. കർത്താവേ! കറുത്തവനായ അബ്ഗാറിന്റെ അപേക്ഷകേട്ട് വേദനകളിൽ നിന്നും രോഗങ്ങളിൽ നിന്നും അവനു സ്വസ്ഥത നൽകിയതുപോലെ ബലഹീനരും പാപികളുമായ നിന്റെ ദാസരാകുന്ന ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊണ്ട് നിന്റെ സ്ലീബായാൽ ഞങ്ങളുടെ മുറിവുകളെ സുഖപ്പെടുത്തണമെ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ നിത്യദൈവവുമേ! നിന്റെ കരുണയാൽ ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിക്കേണമെ. മോറാൻ ...

**(പെത്ഗോമോ)**

എതിരാളികളിൽ നിന്നു ഞങ്ങളെ രക്ഷിക്കയും
ഞങ്ങളുടെ ശത്രുക്കളെ ലജ്ജിപ്പിക്കയും ച്ചെയ്തവൻ നീയാകുന്നു.

(മസ്അക്കോനൂസൊ)

ദുഷ്ടാത്മാവോടടരാടാൻ-ശക്തിനരർക്കില്ലാത്തതിനാൽ
നോമ്പും ജീവസ്സീബായും-നാഥൻ നമ്മൾക്കായ് നല്കി
കരുണാസാഗരമാം നാഥാ!-പ്രാർത്ഥിച്ചടിയാരോതുന്നു.
കുറിയേലായിസോൻ.. കുറിയേലായിസോൻ.. കുറിയേലായിസോൻ..

**തെക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട് പ്രാർത്ഥന**

പിത്തളസർപ്പത്താൽ സൂചിപ്പിക്കപ്പെടുകയും ഉപമിക്കപ്പെടുകയും ചെയ്ത മ്ശിഹാതമ്പുരാനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. പാപത്തിന്റെ മരണകരമായ വിഷം ഞങ്ങളിൽ നിന്നു നീക്കിക്കളഞ്ഞ് സാത്താന്റെ ദംശനങ്ങളിൽ നിന്ന് ഞങ്ങളുടെ ആത്മശരീരങ്ങളെ സുഖപ്പെടുത്തണമെ. ആ പിത്തള സർപ്പം അതിൽ ദൃഷ്ടിയുറപ്പിക്കുന്നവരെ സുഖപ്പെടുത്തിയിരുന്നതുപോലെ കർത്താവെ! ഞങ്ങളുടെ ദൃഷ്ടി നിന്നിലും നിന്റെ സ്ലീബായിലും പതിഞ്ഞിരിക്കുന്നതിനാൽ ഞങ്ങളുടെ വേദനകളേയും രോഗങ്ങളേയും സുഖപ്പെടുത്തേണമെ. ഞങ്ങളുടെ കണ്ണുകൾ നിങ്കൽ പതിഞ്ഞിരിക്കുന്നു. ഞങ്ങളുടെ ശരണവും പ്രത്യാശയും സദാ നിന്നിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. ഞങ്ങളുടെ ജീവന്റെ രക്ഷിതാവും ഉദ്ധാരകനുമായി നിന്നെ ഞങ്ങൾ അറിയുകയും ചെയ്യുന്നു. നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേയ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുന്നു. ഹോശോ......

**(പെത്ഗോമോ)**

നിന്റെ രക്ഷയിൻ പരിച എനിക്കു നീ
നൽകി. നിന്റെ വലത്തുകൈ എന്നെ
സഹായിക്കുകയും നിന്റെ ശിക്ഷണത്തിൽ
എന്നെ വളർത്തുകയും ചെയ്യണമെ.

(മസ്അക്കോനൂസൊ)

ദുഷ്ടാത്മാവിൻ സേനയെവെ-ന്നാത്മീയം ജീവൻ നേടാൻ
നോമ്പിൻ നടുവിൽജീവദമാം സ്ലീബായേരക്ഷനേകി
കരുണാസാഗരമാം നാഥാ!-പ്രാർത്ഥിച്ചടിയാരോതുന്നു.
കുറിയേലായിസോൻ.. കുറിയേലായിസോൻ.. കുറിയേലായിസോൻ..

**(വീണ്ടും കിഴക്കോട്ട് തിരിഞ്ഞു നിന്നുകൊണ്ട്)**

പട്ടക്കാരൻ :- ദൂതന്മാർ സേ-വിപ്പോനേ!
ജനം :- ഈശാ! നീ പരിശുദ്ധൻ
ക്രോബേന്മാർ വാഴ്ത്തുന്നോനേ!
ശക്താ! നീ പരിശുദ്ധൻ
സ്രാപ്പകൾ കാദീ-ശാർപ്പോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ
പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു
ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപചെയ്യേണം.

**(പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നുകൊണ്ട്)**

തീമയർ ഹാലൽ-ചൊൽവോനേ!
ഈശാ! നീ പരിശുദ്ധൻ
ആത്മീയർ ശ്ലാ-ഘിപ്പോനേ!
ശക്താ! നീ പരിശുദ്ധൻ
മണ്മയാരോഘി-ഷിപ്പോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ
പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു
ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപചെയ്യേണം.

**(വടക്കോട്ടു തിരിഞ്ഞുകൊണ്ട്)**

മേലുള്ളോർ മാ-നിപ്പോനേ!
ഈശാ! നീ പരിശുദ്ധൻ
മദ്ധ്യമർ കീർത്തി-ക്കുന്നോനേ!
ശക്താ! നീ പരിശുദ്ധൻ
കീഴുള്ളോർ കൂ-പ്പുന്നോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ
വിശ്വാസിനിയാം തിരുസഭതൻ സുതരർത്ഥിക്കുന്നു
ഞങ്ങൾക്കായ് ക്രൂശേറ്റോനേ! കൃപചെയ്യേണം.

**(തെക്കോട്ടു തിരിഞ്ഞുനിന്നു കൊണ്ട്)**

നാഥാ! കൃപചെയ്തീടേണം
നാഥാ! കൃപ ചെയ്യുകകനിവാൽ
നാഥാ! കർമ്മാർത്ഥനകളെ നീ കൈക്കൊണ്ടും കൃപചെയ്തീടേണം
ദേവേശാ! തേ സ്തോത്രം
സൃഷ്ടാവേ! തേ സ്തോത്രം
പാപികളാം ദാസരിലലിയും മ്ശിഹാരാജാവേ! സ്തോത്രം.
ബാറെക്മോർ

പട്ടക്കാരൻ ; സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

****************************
*******************
*********